കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിങ്ങോലി ഗ്രാമപഞ്ചായത്ത് - 1998-99 വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 31-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 29/14/തസ്വഭവ തിരുവനന്തപുരം, തീയതി: 02/01/2014

പരാമർശം:- 1) 27/04/2012-ലെ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 6-5683/12-ാം നമ്പർ കത്ത്.

2) 01/10/2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF/12874/PT1/12-ാം നമ്പർ കത്ത്

3) 30/03/2013-ലെ ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ എ 3-840/01-ാം നമ്പർ കത്ത്.

4) 21/11/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF/PT1/11942/2013-ാം നമ്പർ കത്ത്.

## ഉത്തരവ്

ചിങ്ങോലി ഗ്രാമ പഞ്ചായത്തിന്റെ 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 31-ാം നമ്പർ ഖണ്ഡിക പ്രകാരം മൃഗാശുപത്രിക്ക് സ്ഥലം വാങ്ങിയത് നടപടി ക്രമങ്ങൾ പാലിച്ചല്ല എന്ന കാരണത്താൽ സ്ഥലം വാങ്ങിയതിന് ചെലവഴിച്ച 49,130/- (നാല്പത്തിയൊമ്പതിനായിരത്തി നൂറ്റി മുപ്പത് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റിൽ നിർദ്ദേശിച്ചിരുന്നു.

ടി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതു കൊണ്ട് നടപടി ക്രമങ്ങൾ മുഴുവൻ പൂർത്തിയാക്കാതെ സ്ഥലം വാങ്ങേണ്ടി വന്നുവെന്നും ടി വസ്തുവിന് വാങ്ങിയ വിലയേക്കാൾ ഉദ്ദേശം 3 ഇരട്ടി വില നിലവിലുള്ളതിനാൽ സർക്കാരിനോ, പഞ്ചായത്തിനോ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ടി ചെലവ് സാധൂകരിക്കണമെന്നും 16/01/2012-ലെ III (3) നമ്പർ തീരുമാന പ്രകാരം ചിങ്ങോലി ഗ്രാമപഞ്ചായത്ത് അപേക്ഷ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പരാമർശം ഒന്ന്, മൂന്ന് എന്നിവ പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. 27/03/2012-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും സാധൂകരണത്തിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2, 4 എന്നിവ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വസ്തു പഞ്ചായത്തിന്റെ കൈവശത്തിലും കരം തീരുവയിലുമാണെന്നും ആയതിനാൽ 1998-99 വർഷത്തെ ഓഡിറ്റിൽ ഖണ്ഡിക 31 പ്രകാരം തടസ്സപ്പെടുത്തിയ ചെലവ് സാധൂകരിച്ച് നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 31-ൽ മൃഗാശുപത്രിക്ക് സ്ഥലം വാങ്ങിയത് നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന കാരണത്താൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 49,130/- (നാല്പത്തിയൊമ്പതിനായിരത്തി നൂറ്റി മുപ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചിങ്ങോലി ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ